# സി.എം.എസ്. എൽ.പി. സ്കൂൾ കറിക്കാട്ടൂർ

## അക്കാദമി മാസ്റ്റർ പ്ലാൻ

### സ്കൂൾ തലം

**2025-2026**



## ആമുഖം

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ബ്ലോക്കിൽ മണിമല ഗ്രാമപഞ്ചായത്തിന്റെ മൂന്നാംവാർഡിൽ സ്ഥിതിചെയ്യുന്ന സി.എം.എസ് എൽ.പി. സ്കൂൾ കരിക്കാട്ടൂർ എന്ന കൊച്ചു വിദ്യാലയം സ്ഥാപിതമായത് 1902 -ലാണ്. ഏകദേശം 150 വർഷങ്ങൾക്ക്മുമ്പ് പുന്നവേലിയിൽ നിന്നും തനിക്ക് അവകാശമായി ലഭിച്ച വസ്തു സ്ഥിതിചെയ്യുന്ന കരിക്കാട്ടൂർ എന്ന പ്രദേശത്തേയ്ക്ക് താമസിക്കുവാനായി എത്തിച്ചേർന്ന അമ്പാട്ട് എ.റ്റി. കുര്യൻ എന്നയാളാണ് 1902-ൽ ഇവിടെ ഒരു പ്രൈമറി സ്കൂൾ സ്ഥാപിച്ചത്. കറിക്കാട്ടൂർ പ്രദേശത്ത് ആദ്യമായി സ്ഥാപിച്ച വിദ്യാലയമാണിത്. അമ്പാട്ട് കുടുംബം സ്ഥാപിച്ചതായതിനാൽ ഈ വിദ്യാലയം ഇപ്പോഴും അമ്പാട്ട് സ്കൂൾ എന്നാണ് നാട്ടിൽ ഇന്നും അറിയപ്പെടുന്നത്.

കോട്ടയം റവന്യൂ ജില്ലയിൽ കാഞ്ഞിരപ്പള്ളി വിദ്യാഭ്യാസ ജില്ലയിൽ, കറുകച്ചാൽ ഉപജില്ലയുടെ കീഴിലാണ് ഈ വിദ്യാലയം പ്രവർത്തിക്കുന്നത്.

2025-26 അധ്യയന വർഷം KG മുതൽ നാലാം ക്ലാസ്സ് വരെ 46 കുട്ടികൾ ഇവിടെ പഠിക്കുന്നു. കുട്ടികളുടെ അക്കാദമികവും പാഠ്യേതരവുമായുള്ള കഴിവകുളെ വികസിപ്പിക്കുന്നതിന് സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായി സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു.

## 2025-26 പ്രധാന പ്രവർത്തനങ്ങൾ

**1. ജ്ഞാനം**

കുട്ടികളിലെ വായനയെ പരിപോഷിപ്പിന്നതിനായി പാഠപുസ്തകത്തിന് പുറമേ മറ്റ് വായനാ സാമഗ്രികൾ നൽകുന്നു. പത്രം, ബാലസാഹിത്യ കൃതികൾ, കളിക്കുടുക്ക, ബാലരമ, പൂമ്പാറ്റ തുടങ്ങിയവ ഇതിനായി ശേഖരിക്കുന്നു. കൂടാതെ സ്കൂൾ ലൈബ്രറി കുട്ടികളുടെ വായനയ്ക്കായി ഉപയോഗിക്കുന്നു.

പുസ്തക പരിചയപ്പെടുത്തൽ

കുട്ടികൾ വായിച്ച പുസ്തകങ്ങൾ അധ്യാപകരും കുട്ടികളും പരിചയപ്പെടുത്തുന്നു. അവയുടെ വായനാ കുറിപ്പെഴുതുന്നു.

**2. കയ്യെഴുത്തു മാസിക**

3,4 ക്ലാസ്സിലെ കുട്ടികൾ 2-ാം ടേമിലും 3-ാം ടേമിലും കയ്യെഴുത്തു മാസിക തയാറാക്കുന്നു.

**3. പഠനകൂട്ടായ്മ**

ഓരോ ക്ലാസ്സിലെയും ( ക്ലാസ്സ് I - IV) കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു. ഭിന്ന നിലവാരത്തിലുള്ള കുട്ടികൾ ഉൾപ്പെടുന്നവരായിരിക്കും ഈ ഗ്രൂപ്പിലെ അംഗങ്ങൾ

പഠനത്തിൽ, മറ്റ് പാഠ്യേതര പ്രവർത്തനങ്ങളിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ ഗ്രൂപ്പിലെ മറ്റ് കുട്ടികളുടെ സഹായത്തോടെ പഠന, പാഠ്യേതര പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക. അവരെയും പഠനത്തിൽ മുൻ നിലയിലാക്കാൻ ഈ പ്രവർത്തനത്തിലൂടെ പഠന കൂട്ടായ്മയിലൂടെ സാധിക്കുന്നു.

**4. അമ്മ വായന**

മാതൃ ശാക്തീകരണം - കുട്ടികളിലെ പഠനനിലവാരം ഉയർത്തുന്നതിനായി മാസത്തിൽ ഓരു തവണ അമ്മമാർക്ക്/ രക്ഷിതാവിന് സ്കൂളിലെത്തി രക്ഷിതാവിനെ കണ്ട് സംസാരിക്കുവാനും, പാഠഭാഗങ്ങളെപറ്റി അദ്ധ്യാപകരോട് ചോദിച്ച് മനസ്സിലാക്കി കുട്ടികളെ പഠനത്തിൽ സഹായിക്കുന്നു. ഇതിനായി സ്കൂൾ ലൈബ്രറി അമ്മമാർക്ക് നൽകുന്നു.

**5. Smartz - GK പഠനം**

ക്ലാസ്സ് I - IV വരെയുള്ള കുട്ടികൾക്ക് GK പഠനം. കൂടാതെ മാസത്തിൽ ഒരിക്കൽ GK ക്വിസ് മത്സരം നടത്തുന്നു. വിജയിക്കുന്ന കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുന്നു.

**6. അമ്മയെ അറിയാം**

കുട്ടിക്ക് അവന്റെ വിദ്യാലയം, വീട്, അതിന്റെ ചുറ്റുപാടുകൾ, കൂടാതെ സമൂഹം എന്നിവയെപ്പറ്റി അറിവുണ്ടാകാനും, പ്രകൃതിയെ കൂടുതൽ അറിയുന്നതിനും, അവ അമ്മയെ അറിയാം എന്ന പരിപാടി നടത്തുന്നു. ഇതിനായി പ്രകൃതിനടത്തം, നിരീക്ഷണം, പരീക്ഷണങ്ങൾ എന്നിവ നടത്തി കുറിപ്പുകൾ എഴുതുന്നു.

**7. കൃഷി പാഠങ്ങൾ പഠിക്കുന്നു**

പി.ടി.എയുടെ സഹകരണത്തോടെ സ്കൂളിൽ കൃഷിത്തോട്ടം ആരംഭിക്കുന്നു. കുട്ടികളും അദ്ധ്യാപകരും അത് പരിപാലിക്കുന്നു. സ്കൂളിന് ആവശ്യമായ പച്ചക്കറികൾ ഉണ്ടാക്കുവാൻ പറ്റുന്നു. സ്വയം പര്യാപ്തമാവാൻ ശ്രമിക്കുന്നു.

**8. ഞാൻ**

കുട്ടിയുടെ സ്വയം പരിചയപ്പെടുത്തൽ കുട്ടി തന്റെ വിദ്യാലയത്തെ സമൂഹത്തിന് പരിചയപ്പെടുത്തുന്നു. ആയതിന്റെ ലഘു വീഡിയോ രക്ഷിതാക്കളുടെ/ മുതിർന്നവരുടെ സഹായത്തോടെ ചെയ്യുന്നു. മികച്ചതിന് പുരസ്കാരം നൽകുന്നു.

**7. പി.ടി.എ ശാക്തീകരണം**

വിദ്യാലയത്തിന്റെ സുസ്ഥിരമായ വളർച്ചയ്ക്ക് രക്ഷിതാക്കളുടെ സഹകരണം അത്യന്തപേക്ഷിതമാണ് ആയതിനാൽ പി.ടി.എ ശാക്തീകരണത്തിന് ഈ അക്കാദമിക് വർഷത്തിൽ ഏറെ പ്രധാന്യം നൽകുന്നു. അതിനായി 2-ാം ടേം മുതൽ Conner PTA കൾ ഭാഗം തിരിച്ച് നടത്തുന്നു. ഈ പി.ടി.എയിൽ കുട്ടികളുടെ പഠന-പാഠ്യേതര മികവുകൾ സമൂഹത്തെ പരിചയപ്പെടുത്തുന്നു.

8. ക്ലാസ്സ് പി.ടി.എ കൾ

ഓരോ മാസവു ക്ലാസ്സ് പി.ടി.എകൾ നടത്തുന്നു. കുട്ടികളുടെ പഠനനിലവാരം രക്ഷിതാക്കൾക്ക് മനസ്സിലാക്കുവാനും കുട്ടികളുടെ Activity Book- കൾ കാണാനും ഇതിലൂടെ അവസരമുണ്ടാകുന്നു.

9. ആരോഗ്യ ബോധവത്കരണ ക്ലാസ്സുകൾ

ലഹരിയ്ക്കെതിരെ, ശുചിത്വബോധം, മൊബൈൽ ഉപയോഗം എന്നിവയെ കുറിച്ച് ആരോഗ്യപ്രവർത്തകരുമായി ചേർന്ന് ആരോഗ്യ ബോധവത്കരണ ക്ലാസ്സുകൾ രക്ഷിതാക്കൾക്കും കുട്ടികൾക്കും നല്കുന്നു.

10. സർഗവേളകൾ

പഠനത്തിനോടൊപ്പം കുട്ടികളുടെ ശാരീരിക മാനസിക ഉല്ലാസത്തിന് ആഴ്ചയിൽ കുറച്ചു സമയം സർഗവേളയ്ക്കായി മാറ്റി വെയ്ക്കുന്നു. എല്ലാ ക്ലാസ്സിലെയും എല്ലാ കുട്ടികൾക്കും ഇതിൽ പങ്കാളിത്തം ഉറപ്പാക്കുന്നു. വിദ്യാരംഗം കലാ സാഹിത്യവേദി, വിവിധ ക്ലാസ്സുകളുടെ പ്രവർത്തനം എന്നിവ ശാക്തീകരിക്കുന്നു.

11. കായികരംഗം

കുട്ടികളിലെ കായികക്ഷമതയെ വർദ്ധിപ്പിക്കുന്നതിനായി കുറച്ചു സമയം കായിക പരിശീലനത്തിനായി മാറ്റിവെയ്ക്കുന്നു. ആഴ്ചയിലൊരിക്കൽ Zumba Dance ക്ലാസ്സുകളിൽ നടത്തുന്നു.

## പാഠ്യേതരം

| പ്രവർത്തനം | പ്രവർത്തനകുറിപ്പ് | ക്ലാസ്സ് | സമയം | ഫണ്ട് |
|---|---|---|---|---|
| അമ്മവായന മാതൃശാക്തീകരണം | കുട്ടികളുടെ, പഠന നിലവാരം ഉയർത്തുന്നതിനായി,പഠനത്തിൽ സഹായിക്കുന്നതിനായി അമ്മമാർ, അദ്ധ്യാപകർ കെത്താങ്ങൽനല്കുന്നു. മാസത്തിൽഒരു ദിനം അവർക്ക് (അമ്മോർക്ക്) ക്ലാസ്സ് ടീച്ചറെ കണ്ട് പാഠഭാഗങ്ങളിലെ കാര്യങ്ങൾ ചോദിച്ചറിഞ്ഞ് പഠിച്ച് പോകാം. Activity Book കണ്ട് പ്രവർത്തനങ്ങൾ മനസ്സിലാക്കാം തിരികെ വീട്ടിലെത്തി കുട്ടികളുടെ പഠനത്തിൽ സഹായിക്കാം | 1,2,3,4 | 1,2,3 ടേം | പി.റ്റി.എ |
| സ്കൂൾ ലൈബ്രറി | സ്കൂൾ ലൈബ്രറി അമ്മമാർക്ക് ഉപയോഗിക്കാം വായനയെ അമ്മമാർക്ക് പോക്ഷിപ്പിക്കാം. | | | |
| കോർണർ പി.റ്റി.എ | രണ്ടാം ടേം മുതൽ കോർണർ പി.ടി.എ സംഘടിപ്പിക്കുന്നു. കുട്ടികളും സർഗാത്മക കഴിവുകൾ അവിടെ അവതിരിപ്പിക്കുന്നു. കുട്ടികളുടെ പഠനത്തെളിവുകൾ പ്രദർശിപ്പിക്കുന്നു | 1,2,3,4 | 2,3 ടേം | |
| ക്ലാസ്സ് പി.റ്റി.എ | മാസത്തിലൊന്ന് ക്ലാസ്സ് പി.ടി.എ നടത്തുന്നു | | | |
| ആരോഗ്യ ബോധവത്കരണ ക്ലാസ്സുകൾ | ആരോഗ്യം,ശുചിത്വം,ലഹരിക്കെതിരെ, സോഷ്യൽ മീഡിയയുടെ അതിപ്രസരത, മൊബൈൽ ഫോണിന്റെഅമിത ഉപയോഗം എന്നിവയെക്കുറിച്ച് രക്ഷിതാക്കൾക്കും, കുട്ടികൾക്കും ബോധവത്കരണ ക്ലാസ്സുകൾ നടത്തുന്നു. | 1,2,3, | 1,2,3 ടേം | |

| | | | | |
|---|---|---|---|---|
| ഞാൻ വീഡിയോ നിർമ്മാണം | 3-ാം ടേമിൽ കുട്ടി തന്റെ വിദ്യാലയത്തെ സ്വയം പരിചയപ്പെടുത്തുന്ന വീഡിയോ നിർമ്മിക്കുന്നു. പ്രദർശിപ്പിക്കുന്നു. | 1,2,3,4 | 3-ാം ടേം | |
| | **<u>മലയാളം</u>** | | | |
| സന്നദ്ധതാ പ്രവർത്തനങ്ങൾ ഭാഷ | സ്കൂൾ തുറന്നതിനുശേഷം കുട്ടികളെ ഭാഷയുമായി ചങ്ങാതത്തിലാക്കുക | 2,3,4 | 2 ആഴ്ച | പി.റ്റി.എ |
| ഒന്നൊരുക്കം | ഒന്നാംക്ലാസ്സിലെ കുട്ടികൾക്കായി നടത്തുന്ന പ്രവർത്തനങ്ങൾ | 1 | 2 ആഴ്ച | SSK PTA |
| പത്രവായന | പത്രവായന 2,3,4 ക്ലാസ്സുകളിൽ ദിവസവും നടത്തുന്നു. കുട്ടികളിലെ വായനയെ പ്രോത്സാഹിപ്പിക്കുന്നു. | 2,3,4 | വർഷം മുഴുവൻ | |
| ജ്ഞാനം, പുസ്തക ശേഖരണം പുസ്തക പരിചയപ്പെടൽ ലഘു കഥാപുസ്തകങ്ങൾ, ക്ലാസ്സുകളിൽ ലഭ്യമാക്കൽ | വായനയെ പ്രോത്സാഹിപ്പിക്കുന്നു. കുട്ടികളിൽ പുസ്തകശേഖരണം, വളർത്തുന്നു, പുസ്തകവായന, വായിച്ച പുസ്തകം അവതരിപ്പിക്കൽ, ലഘു കഥാപുസ്തകങ്ങൾ ഓരോ ക്ലാസ്സിലും ലഭ്യമാക്കുന്നു | 1,2,3,4 | വർഷം മുഴുവൻ | പി.റ്റി.എ |
| കുറിപ്പെഴുതൽ ഡയറി എഴുത്ത് പുസ്തക കുറിപ്പെഴുത്ത് | ദിനാചരണങ്ങൾ, ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ, പത്രക്കുറിപ്പുകൾ ഡയറി എഴുത്ത് ഇവയെ കുട്ടികളിലെ ലേഖനത്തെ പ്രോത്സാഹിപ്പിക്കുന്നു | 1,2,3,4 | വർഷം മുഴുവൻ | പി.റ്റി.എ |
| കയ്യെഴുത്ത് മാസിക | 3,4 ക്ലാസ്സിലെ കുട്ടികൾ 2-ാം ടേമിലും 3-ാം ടേമിലും കയ്യെഴുത്തു മാസിക തയ്യാറാക്കുന്നു. പ്രസിദ്ധീകരിക്കുന്നു. | 3,4 | 2ടേം, 3ടേം | |
| അക്ഷരപ്പെരുമ | പ്രത്യേക പരിഗണനവേണ്ട കുട്ടികൾക്ക് | | | |

| | | | | |
|---|---|---|---|---|
| | സമയം വേർതിരിക്കുന്നു.ഭാഷപരമായ ബുദ്ധിമുട്ടുകൾ കണ്ടെത്തി പരിഹരിക്കുന്നു. വായനയ്ക്കും, എഴുത്തിനും ചിഹ്നം ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ SRG.കൂടി കണ്ടെത്തി കുട്ടികൾക്ക് നൽകുന്നു. | 1,2,3,4 | 1ടേം, 2ടേം | |
| സർഗവേളകൾ | വിദ്യാരംഗം കലാ സാഹിത്യവേദി സർഗവേളകൾ എന്നിവ സമയങ്ങളിൽ കുട്ടികളുടെ സർഗാത്മകമായ ഭാഷപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നു. കഥാകഥനം, കവിതാലാപനം, വായ്ത്താരി, സ്കിറ്റുകൾ അവതരിപ്പിക്കൽ (പാഠഭാഗം) | | | |
| വായനമൂല | ഓരോ ക്ലാസ്സിലും വായനാദിനത്തോട് അനുബന്ധിച്ച് വായനാമൂല ഉണ്ടാക്കുന്നു. | 1,2,3,4 | വർഷം മുഴുവൻ | |
| കുട്ടിക്കൊരു ലൈബ്രറി | ഓരോ കുട്ടിയ്ക്കും വീട്ടിലൊരു ലൈബ്രറി രൂപീകരിക്കുന്നു. മാതാപിതാക്കൾ സഹായിക്കുന്നു. | | 1 ടേം<br>2 ടേം | |
| ഞാൻ | കുട്ടി സ്വയം പരിചയപ്പെടുത്തുന്നു. വിദ്യാലയത്തെയും പരിചയപ്പെടുത്തുന്നു. ലഘു വീഡിയോ ചെയ്യുന്നു. | | | |
| | **പരിസരപഠനം** | | | |
| അമ്മയെ അറിയാം | പ്രകൃതിയുമായി കുട്ടികളെ ഇണങ്ങി ജീവിപ്പാൻ, പ്രകൃതിസംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പങ്കാളിയാക്കുവാനുള്ള പ്രവർത്തനങ്ങൾ. | | | |
| പ്രകൃതി നടത്തം<br>നിരീക്ഷണം<br>കൃഷിപാഠങ്ങൾ | പ്രകൃതിയെ കണ്ടും കേട്ടും തൊട്ടും അറിഞ്ഞു വളരാൻ പ്രകൃതിനടത്തം. കാണുന്ന കാര്യങ്ങൾ നിരീക്ഷണ കുറിപ്പെഴുതുന്നു. | | | |
| പരീക്ഷണം | വിവിധ പരീക്ഷണങ്ങൾ കുട്ടിനടത്തുന്നു. (പാഠ്യം, പാഠ്യേതരം) കുറിപ്പുകൾ എഴുതുന്നു. | | | |

| | | | | |
|---|---|---|---|---|
| ശേഖരണം<br>കുറിപ്പെഴുതൽ | പാഠഭാഗവുമായി ബന്ധപ്പെട്ട് വിവിധ ശേഖരണങ്ങൾ നടത്തുന്നു. (വ്യക്തിഗതം, കൃഷി പാഠങ്ങൾ പഠിക്കുന്നു. പാഠ്യം-പാഠ്യേതരം) വീട്ടുമുറ്റത്ത് കൃഷിത്തോട്ടം | | | |
| | **<u>ഗണിതം</u>** | | | |
| സംഖ്യാബോധം വളർത്താൻ | കുട്ടികൾക്ക് സംഖ്യാബോധം വളരാനായി സംഖ്യകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. സംഖ്യാകാർഡുകൾ മറ്റു സംഖ്യാപ്രവർത്തനങ്ങൾ എന്നിവ നൽകുന്നു | 1,2,3,4 | 1,2 ടേം | SRG<br>PTA |
| ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | ഗണിതക്കിറ്റുകൾ ഉപയോഗിക്കുന്നു. അതിൽ സംഖ്യാടോക്കണുകൾ, അബാക്കസ് എന്നിവ ഉപയോഗിക്കുന്നു. ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എഴുതൽ, ഒരു സംഖ്യ വീതം കൂട്ടിയെഴുതൽ,വിവിധ സംഖ്യകളുടെ വ്യാഖ്യാനം എന്നിവ ഉൾപ്പെടുന്നു. ഏണിയും പാമ്പും കളി, ഡയസ് കളി എന്നിവ ചതുഷ്ക്രിയകൾ ഉറപ്പിക്കാൻ സഹായകമാവുന്നു. | | വർഷം മുഴുവൻ | |
| | **<u>English</u>** | | | |
| English assembly | English assembly controlled by students Each class must participated in the assembly. Develop English reading, writing and communication skill. | 1,2,3,4 | 2 days in a week (one year) | |
| English Magazin | Develop writing skill in English | 1,2,3,4 | Once in Every 3 months | SMC |
| English Corner | Develop English reading skill make reading corner in the classroom opportunity for reading. Known about famous book. | 1,2,3,4 | Once in every two weeks | Pare |

| | | | | |
|---|---|---|---|---|
| English fest | Develop speaking, writing and skill. make Once in a confidence for using English language. | 1,2,3,4 | Once in a year | PTA Fund |
| Writing | Make felicilitation card letters for friends that describe special activities related the special day | 1,2,3,4 | | |
| Dictionary | making at my dictionary | 1,2,3,4 | Each day | |
| Reading | News paper reading (English), library book reading, reading breaking news. | 2,3,4 | 2 days in a week | |